കുറച്ച് പൈസ വാങ്ങിക്കുകയും ചെയ്യുന്നുണ്ട്. എനിക്ക് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താനുള്ളത് പ്രത്യേകിച്ച് സ്ത്രീകളടക്കമുള്ള ദീർഘദൂരയാത്രക്കാർക്ക് ഇത് ഉപയോഗിച്ചാൽ മാറാവ്യാധികളുണ്ടാകും. അതുകൊണ്ട് അടിയന്തിരമായും ഈ പ്രശ്നത്തിന് പരിഹാരം കണ്ടെത്തണമെന്ന് ബഹുമാപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി.കെ. നാണു) : സർ, ഇത്തരം ആക്ഷേപങ്ങൾ വന്നതിന്റെ അടിസ്ഥാനത്തിൽ രണ്ടുദിവസം മുമ്പ് കെ.എസ്.ആർ.ടി.സി. എം.ഡി.യും ഞാനും തമ്പാനൂർ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനിൽപ്പോയി ഇതു പരിശോധിച്ചു. കെ.എസ്.ആർ.ടി.സി. യുടെ ബസ് സ്റ്റേഷനുകളിൽ പ്രവർത്തിക്കുന്ന ടോയിലറ്റുകൾ വൃത്തിയായും വെടിപ്പായും മാലിന്യരഹിതമായും സൂക്ഷിക്കുന്നതിന് പേ ആന്റ് യൂസ് സംവിധാനമാക്കി പ്രവർത്തിപ്പിക്കുന്നതിനു ഏജൻസികളെ ഏൽപ്പിച്ചിട്ടുണ്ട്. ആയത് വൃത്തിയായും വെടിപ്പായും സൂക്ഷിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനു ആവശ്യമായ നിർദ്ദേശം നൽകുന്നതിനും അറ്റകുറ്റപ്പണികൾ അപ്പപ്പോൾ തീർക്കുന്നതിനും വേണ്ടി ബന്ധപ്പെട്ട യൂണിറ്റ് ഓഫീസർമാർക്ക് കർശന നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതു കൂടുതൽ കാര്യക്ഷമമാക്കി നടത്താൻ ഉടൻതന്നെ ആവശ്യപ്പെടും.

(15) പന്തളം കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്റർ സബ് ഡിപ്പോയായി ഉയർത്തേണ്ടത് സംബന്ധിച്ച്

ശ്രീ. പി.കെ. കുമാരൻ : സർ, പന്തളത്തെ കെ.എസ്.ആർ.ടി.സി ബസ് സ്റ്റേഷൻ സബ് ഡിപ്പോയായി ഉയർത്തി അതിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തണമെന്നുള്ളതാണ് ഞാൻ വിനീതമായി ആവശ്യപ്പെടുന്നത്, ഈ ആവശ്യം ഇവിടെ അഞ്ചാമത്തെ തവണയാണ് ഉന്നയിക്കുന്നത്. ബഹുമാന്യരായ മന്ത്രിമാർ ഈ കാര്യം സജീവമായി പരിഗണിക്കുമെന്ന് പറഞ്ഞതാണ്. 1983-ലാണ് പന്തളത്ത് കെ.എസ്.ആർ.ടി.സി.യുടെ ഓഫീസ് തുറന്ന് പ്രവർത്തനം ആരംഭിച്ചത്. അന്ന് 17 ഷെഡ്യൂളുകളോടുകൂടി പ്രവർത്തനം ആരംഭിച്ചതാണ്. പന്തളം പഞ്ചായത്തിൽ നിന്നാണ് അന്ന് അതിന് ആവശ്യമായ വസ്തുവും കെട്ടിടവും കൊടുത്തത്. ഞാൻ അന്ന് അവിടത്തെ പന്തളം പഞ്ചായത്ത് അംഗമായിരുന്നു. ഗവൺമെന്റാണ് ഇതെല്ലാം ചെയ്തുതന്നത്. പിന്നീട് ഇതുവരെ ഈ കാര്യത്തിൽ യാതൊന്നും ചെയ്തിട്ടില്ല. അവിടത്തെ സ്ഥിതി വളരെ ശോചനീയമാണ്. അതു സബ് ഡിപ്പോയായി ഉയർത്തണം. എ.റ്റി.ഒ.യെ നിയമിച്ച് അതിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുകയും യാത്രാക്ലേശം പരിഹരിക്കുകയും ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി.കെ. നാണു) : സർ, കെ.എസ്.ആർ.ടി.സി.യുടെ പന്തളം ഓപ്പറേറ്റിംഗ് സെന്റർ 14.9.1983-ൽ പ്രവർത്തനം ആരംഭിച്ചു. ഇപ്പോൾ ഇവിടെനിന്നും 13 ഷെഡ്യൂളുകളാണ് ഓപ്പറേറ്റ് ചെയ്യുന്നത്. സബ് ഡിപ്പോയായി പ്രവർത്തിക്കുന്നതിനുവേണ്ടി 25-നു മേൽ ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യേണ്ടതുണ്ട്. കൂടുതൽ ഷെഡ്യൂളുകൾ ഓപ്പറേറ്റു ചെയ്യുന്നതിനുവേണ്ടിയുള്ള ഗ്യാരേജും മറ്റു സൗകര്യങ്ങളൊന്നും ഇപ്പോൾ അവിടെ ലഭ്യമല്ല. കൂടുതൽ ഷെഡ്യൂളുകൾ ഓപ്പറേറ്റു ചെയ്യുന്നതിനുള്ള ഗ്യാരേജും മറ്റു അനുബന്ധ സൗകര്യങ്ങളും പ്രാദേശികമായി ലഭ്യമാക്കുകയും കെ.എസ്.ആർ.ടി.സി.യുടെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുകയും

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുന്ന മുറയ്ക്ക് പന്തളം ഓപ്പറേറ്റിംഗ് സെന്റർ ഒരു സബ് ഡിപ്പോയായി ഉയർത്തുന്ന കാര്യം ഗൗരവമായി പരിഗണിക്കുന്നതാണ്.

(16) നെയ്യാർ ജലസേചന സംഭരണിയുടെ കനാലുകളുടെ അറ്റകുറ്റപ്പണികൾ

ശ്രീ. എൻ. സുന്ദരേശൻ നാടാർ : സർ, നെയ്യാർ ജലസേചന സംഭരണിയുടെ കനാലുകളുടെ അറ്റകുറ്റപ്പണികൾ നടത്തണം എന്നുള്ളതാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. നെയ്യാർ ജലസേചന സംഭരണിയിലെ വെള്ളം മാത്രമാണ് പാറശ്ശാല, കാരോട്, കുളത്തൂർ, ചെങ്കൽ, കൊല്ലയിൽ, തിരുപ്പുറം എന്നീ പഞ്ചായത്ത് പ്രദേശങ്ങളിലുള്ളവർ കുടിക്കാനും കൃഷിക്കും ഉപയോഗിക്കുന്നത്. വളരെ വർഷങ്ങളായി ജലസേചനത്തിനു ഉപയോഗിച്ചുവരുന്ന കൊല്ലങ്കോട്, അരുമാനൂർ, ചെങ്കൽ, മരിയാപുരം തുടങ്ങിയ കനാലുകളുടെ അറ്റകുറ്റപണികൾ മുടങ്ങിയിരിക്കുകയാണ്. കഴിഞ്ഞ മൂന്നുവർഷത്തെ റീവാംപിംഗ് സ്കീമിൽപ്പെടുത്തി അറ്റകുറ്റപ്പണികൾക്ക് ഗവൺമെന്റ് അംഗീകാരം നൽകിയിട്ടുണ്ട്. 1999-2000-ൽ തന്നെ പണികൾ മുഴുവൻ ചെയ്തു വെള്ളം എത്തിക്കുമെന്ന് കനാൽ കമ്മിറ്റികൾക്ക് ഉറപ്പു നൽകിയിട്ടുണ്ട്. എന്നാൽ ഇതുവരെ അറ്റുകുറ്റ പണികൾ ആരംഭിച്ചിട്ടില്ല. എന്നു മാത്രമല്ല, അതിലേക്ക് നീക്കിവച്ചിട്ടുള്ള ഫണ്ട് ലാപ്സാകുവാൻ പോകുന്നതായി അറിയുന്നു. ആയതിനാൽ ഫണ്ട് ലാപ്സാകാതെ മുഴുവൻ അറ്റുകുറ്റ പണികളും അടിയന്തിരമായി ചെയ്ത് ജലക്ഷാമം പരിഹരിക്കണമെന്ന് വിനയപൂർവ്വം ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ.വി.പി. രാമകൃഷ്ണപിള്ള) : സർ, വളരെ പഴക്കംചെന്ന പദ്ധതികളാണ് അദ്ദേഹം ഇവിടെ പറഞ്ഞിട്ടുള്ളത്. ആ പദ്ധതികളുടെ പുനരുദ്ധാരണമാണ് ഉദ്ദേശിക്കുന്നത്. റീവാംപിംഗ് ആന്റ് കൺസോളിഡേഷൻ പദ്ധതിയിൽപ്പെടുത്തി പണിചെയ്യാനാണ് ഇതു ഉദ്ദേശിക്കുന്നത്. സംസ്ഥാനത്തിന്റെ 10 പദ്ധതികളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിനുവേണ്ടി 9-ാം പദ്ധതിയിലുള്ള 50 കോടി രൂപയുടെ ഭരണാനുമതിയിൽ നെയ്യാർ ജലസേചന പദ്ധതിയും ഉൾപ്പെടുന്നുണ്ട്. നെയ്യാർ ജലസേചന പദ്ധതിയുടെ സ്കീം റിപ്പോർട്ട് സംബന്ധിച്ച ഭരണാനുമതി ലഭിച്ചത് 590 ലക്ഷം രൂപയ്ക്കുള്ള പണികൾക്കാണ്. 1998-99, 1999-2000 എന്നീ വർഷങ്ങളിൽ ഉദ്ദേശിച്ച പണികൾ ചെയ്തുതീർത്തു. ഇതിനായി 313 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു. ശേഷിക്കുന്ന 3-ാം വർഷം ആക്ഷൻ പ്ലാൻ അനുസരിച്ചുള്ളതാണ് ഇനി ചെയ്തു തീർക്കേണ്ടത്. 2000-2001 വർഷത്തേയ്ക്കുള്ള ആക്ഷൻ പ്ലാൻ സർക്കാർ പരിശോധിച്ചു വരുകയാണ്. ഫണ്ട് ഒന്നും തന്നെ ലാപ്സാകുകയില്ല. ഫണ്ട് ലഭ്യമാകുന്നതനുസരിച്ച് ഈ സാമ്പത്തിക വർഷം ഉദ്ദേശിച്ച പണികൾ ചെയ്തു തീർക്കുന്നതാണ്.

(17) തോട്ടംതൊഴിലാളികളുടെ പ്രശ്നങ്ങൾ

ശ്രീ. കെ.പി. രാജേന്ദ്രൻ : സർ, തോട്ടങ്ങളിൽ ജോലിചെയ്യുന്ന രണ്ട് ലക്ഷത്തിൽപ്പരം തൊഴിലാളികൾ കടുത്ത ബുദ്ധിമുട്ടുകൾ നേരിടുകയാണ്. കേന്ദ്ര ഗവൺമെന്റിന്റെ ഇറക്കുമതി നയത്തിനെത്തുടർന്ന്, വിദേശരാജ്യങ്ങളിൽ നിന്നും തേയില അടക്കമുള്ള കാർഷികോൽപ്പന്നങ്ങൾ ഇറക്കുമതി

LIBRARY ARCHIVES Kerala Legislative Assembly